ഉത്തരം

(എ&ബി) ഫണ്ട് വകമാറ്റി ചെലവഴിച്ചാൽ ആവശ്യമായ നടപടികൾ സ്വീകരിക്കും.

(സി) പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി നിലവിലുണ്ടായിരുന്ന പദ്ധതികൾ വിപുലീകരിച്ചതിനുപുറമേ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു . †

സ്പോർട്സ് അഭിരുചി ഉള്ളവരെ പ്രോത്സാഹിപ്പിക്കാൻ നടപടി

7 (830) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. പാലോട് രവി :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി- പട്ടികവർഗ്ഗക്കാരുടെ ഇടയിൽ സ്പോർട്സ് അഭിരുചി ഉള്ളവരെ പ്രോത്സാഹിപ്പിച്ച് അവരുടെയിടയിൽ നിന്ന് നല്ല സ്പോർട്സ്മാൻമാരെ വളർത്തിയെടുക്കുവാൻ ഗവൺമെന്റിനു എന്തെല്ലാം പരിപാടികളുണ്ട് ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഈ ഗണത്തിൽപ്പെട്ട എത്രപേരെ വളർത്തിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെയിടയിൽ സ്പോർട്സ് അഭിരുചിയുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി കോച്ചിംഗ് ക്യാമ്പ് സംഘടിപ്പിക്കുന്നുണ്ട്. ഇപ്രകാരം കോച്ചിംഗ് ക്യാമ്പ് നടത്തി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും മൊത്തം 30 കുട്ടികളെ തെരഞ്ഞെടുത്ത് തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക് സ്പോർട്സ് ഹോസ്റ്റലിൽ പ്രവേശനം നൽകുന്നു. തിരുവനന്തപുരത്ത് ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കുമായി ഓരോ പ്രീമെട്രിക് സ്പോർട്സ് ഹോസ്റ്റൽ പ്രവർത്തിച്ചുവരുന്നു. ഇവിടെ പ്രവേശനം ലഭിക്കുന്ന കുട്ടികൾക്ക് അവരുടെ കായിക കഴിവ് വർദ്ധിപ്പിക്കുന്നതിനായി ഓരോ പരിശീലകനെവീതം നിയമിച്ച് പരിശീലനം നൽകിവരുന്നു. ഈ വിദ്യാർത്ഥികൾക്ക് താമസം, ഭക്ഷണം, വൈദ്യ സഹായം രണ്ട്ജോടി സ്കൂൾ യൂണിഫോം, സ്പോർട്സ് ഡ്രസ്സും ഉപകരണങ്ങളും നൽകിവരുന്നു. കൂടാതെ ആഴ്ചയിൽ 3 ദിവസം 1 മണിക്കൂർ വീതം കരാട്ടേ പരിശീലനവും നൽകി വരുന്നുണ്ട്. സ്പോർട്സ് ഹോസ്റ്റലിൽ പ്രവേശനം ലഭിക്കുന്ന കുട്ടികൾക്കായി കായികയുവജനകാര്യ വകുപ്പ് കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. പട്ടികവർഗ്ഗക്കാർക്കായി പ്രത്യേക കായിക മത്സരം ജില്ലാ സംസ്ഥാന തലങ്ങളിൽ നടത്തുന്നുണ്ട്.

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഈ രണ്ട് ഹോസ്റ്റലുകളിലുമായി 245 കുട്ടികൾക്ക് പരിശീലനവും നൽകി വളർത്തിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

തൊഴിൽരഹിതരായ പട്ടികവിഭാഗക്കാർ

8 (831) ശ്രീ. ഡൊമനിക് പ്രസന്റേഷൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര ബിരുദധാരികളും സാങ്കേതിക വിദ്യാഭ്യാസം സിദ്ധിച്ചവരും തൊഴിലില്ലാതെ നിൽക്കുന്നുണ്ട് ;

(ബി) ഇവർക്ക് തൊഴിൽ നൽകുവാൻ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് എന്തെല്ലാം പരിപാടികളുണ്ട് ;

(സി) ഈ പരിപാടികളനുസരിച്ച് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്രപേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട് ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) വിദ്യാസമ്പന്നരായ തൊഴിൽരഹിതർക്ക് തൊഴിൽ നൽകാൻ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പദ്ധതികൾ രൂപീകരിച്ചു നടപ്പാക്കിവരുന്നു. പ്രത്യേക കേന്ദ്രസഹായം വിനിയോഗിച്ച് തൊഴിൽ സംരംഭകരെ സഹായിക്കുന്നുണ്ട്. ഇതുകൂടാതെ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനും ധനസഹായം നൽകുന്നുണ്ട്.

(സി) എത്രപേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന വിവരം ശേഖരിച്ചിട്ടില്ല.

പിന്നോക്ക വിഭാഗ ക്ഷേമത്തിനായി പ്രത്യേക ഡയറക്ടറേറ്റ്

9 (832) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക സമുദായക്ഷേമ വകുപ്പിനുവേണ്ടി ഏതെല്ലാം തസ്തികകൾ എത്ര വീതം സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ വകുപ്പിന്റെ കീഴിൽ ഏതെല്ലാം കാര്യങ്ങളാണ് കൊണ്ടു വരാനുദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly